**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 12** **22-06-2026-ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനത്തിലെ സുതാര്യത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി

ശ്രീ. പി. മമ്മിക്കുട്ടി

**(എ)** പൊതുവിതരണ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ;

**മറുപടി:** പൊതുവിതരണ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള എല്ലാ നടപടികളും 2016 കാലയളവ് മുതൽ നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (e-POS) ഉപകരണങ്ങൾ സ്ഥാപിച്ച് ആധാർ അധിഷ്ഠിത റേഷൻ വിതരണ സംവിധാനം നടപ്പിലാക്കി റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുകയും റേഷൻ വിതരണം ഡിജിറ്റലൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ പൊതുവിതരണ സംവിധാനത്തിലൂടെ പ്രതിമാസ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2021 മെയ് മുതൽ 2026 മെയ് വരെ പൊതുവിതരണ സംവിധാനത്തിലൂടെ പ്രതിമാസ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു

**(സി)** റേഷൻകടകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

**മറുപടി:** റേഷൻകടകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി കെ സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കെ സ്റ്റോറിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. E-Card, PVC Card സംവിധാനം, മുൻഗണനേതര റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഗുണഭോക്താൾക്ക് ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനും, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന തന്നെ പ്രോസസ്സ് ചെയ്യുന്നതിനുമുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (e-POS) ഉപകരണങ്ങൾ സ്ഥാപിച്ച് ആധാർ അധിഷ്ഠിത വിതരണ സംവിധാനം നടപ്പിലാക്കി.

**(ഡി)** ഡിജിറ്റൽ സേവനങ്ങളിലൂടെ പൊതുവിതരണമേഖലയിലെ ഗുണഭോക്താക്കൾക്ക് ലഭിച്ച സൗകര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** റേഷൻ വിതരണം ഡിജിറ്റലൈസ് ചെയ്തതിലൂടെ ഗുണഭോക്താക്കൾക്ക് തങ്ങളുടെ റേഷൻ കാർഡിനുള്ള പ്രതിമാസ വിഹിതം എത്രയെന്ന് AePDS പോർട്ടലിലൂടെ അറിയുവാൻ സാധിക്കുന്നതോടൊപ്പം ബയോമെട്രിക് ഓതെന്റിക്കേഷൻ അല്ലെങ്കിൽ OTP/മാന്വൽ സംവിധാനം എന്നിവ ഉപയോഗപ്പെടുത്തി അർഹമായ റേഷൻ വിഹിതം കൈപ്പറ്റുവാനും സാധിക്കുന്നു. കൂടാതെ റേഷൻ പോർട്ടബിലിറ്റി സംവിധാനം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ഏത് റേഷൻ കടയിൽ നിന്ന് വേണമെങ്കിലും റേഷൻ കൈപ്പറ്റാവുന്നതുമാണ്. ഒരോ മാസത്തെയും അർഹത എത്രയെന്ന് SMS വഴി ഗുണഭോക്താവിന് അറിയാൻ സാധിക്കുന്നതോടൊപ്പം റേഷൻ വാങ്ങി കഴിയുന്ന മുറയ്ക്ക് എത്ര അളവാണ് വാങ്ങിയതെന്നും വില എത്രയായി എന്നത് സംബന്ധിച്ചും SMS വഴി അറിയിപ്പ് ലഭ്യമാകുന്നതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട സേവനങ്ങളായ പുതിയ കാർഡ് അനുവദിക്കൽ, അംഗങ്ങളെ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ, വിലാസ മാറ്റം തുടങ്ങിയ സേവനങ്ങളെല്ലാം തന്നെ ഓൺലൈനായി ലഭ്യമാക്കി. IMPDS സംവിധാനത്തിലൂടെ അന്യസംസ്ഥാനത്തുനിന്നുള്ള AAY, PHH ഗുണഭോക്താക്കൾക്കും കേരളത്തിൽ നിന്നും റേഷൻ കൈപ്പറ്റുവാൻ സാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**

| Cards & Beneficiary Count from January 2021 to May 2026 | | | | | |
|---|---|---|---|---|---|
| **Month** | **Year** | **No. of Ration cards as per Key Register** | **Total No. of Beneficiaries as per Key Register** | **Total No. of Availed cards** | **Total No. of Beneficiaries in Availed cards** |
| May | 2021 | 90,45,252 | 3,57,31,994 | 82,66,963 | 3,31,50,663 |
| June | 2021 | 90,57,911 | 3,57,46,581 | 84,04,832 | 3,35,38,923 |
| July | 2021 | 90,67,762 | 3,57,54,815 | 80,21,867 | 3,20,82,276 |
| August | 2021 | 90,87,380 | 3,57,50,422 | 87,45,980 | 3,47,21,217 |
| September | 2021 | 91,10,237 | 3,57,69,887 | 70,27,287 | 2,82,07,832 |
| October | 2021 | 91,25,164 | 3,57,72,713 | 75,04,666 | 2,99,13,506 |
| November | 2021 | 91,43,427 | 3,57,54,981 | 73,79,452 | 2,94,02,244 |
| December | 2021 | 91,64,822 | 3,57,85,750 | 75,52,608 | 3,00,25,101 |
| January | 2022 | 91,81,378 | 3,57,98,398 | 78,45,042 | 3,10,99,036 |
| February | 2022 | 92,00,071 | 3,57,90,406 | 73,70,031 | 2,92,36,322 |
| March | 2022 | 92,19,558 | 3,56,79,693 | 75,51,708 | 2,97,96,690 |
| April | 2022 | 92,34,827 | 3,56,41,294 | 73,62,781 | 2,89,29,177 |
| May | 2022 | 92,46,703 | 3,56,43,575 | 76,07,762 | 2,98,68,441 |
| June | 2022 | 92,55,615 | 3,55,61,708 | 74,12,960 | 2,90,53,568 |
| July | 2022 | 92,66,997 | 3,55,09,324 | 74,83,794 | 2,92,70,699 |
| August | 2022 | 92,78,330 | 3,54,64,985 | 79,99,361 | 3,10,95,790 |
| September | 2022 | 92,88,126 | 3,54,30,614 | 81,36,726 | 3,16,15,244 |
| October | 2022 | 92,86,108 | 3,50,13,775 | 73,66,314 | 2,85,08,731 |
| November | 2022 | 92,92,398 | 3,49,63,766 | 77,89,965 | 3,00,24,807 |
| December | 2022 | 93,06,650 | 3,49,98,544 | 72,46,984 | 2,80,10,458 |
| January | 2023 | 93,22,243 | 3,50,33,913 | 71,40,594 | 2,76,20,127 |
| February | 2023 | 93,34,865 | 3,50,61,354 | 78,01,217 | 3,00,65,574 |
| March | 2023 | 93,45,119 | 3,50,86,157 | 77,35,321 | 2,97,79,043 |
| April | 2023 | 93,53,352 | 3,50,99,917 | 72,38,891 | 2,79,00,909 |
| May | 2023 | 93,58,599 | 3,51,09,630 | 75,55,326 | 2,90,84,495 |
| June | 2023 | 93,65,981 | 3,51,32,542 | 76,56,287 | 2,94,44,334 |
| July | 2023 | 93,73,249 | 3,51,58,358 | 78,00,389 | 2,99,96,382 |
| August | 2023 | 93,80,394 | 3,51,81,563 | 77,47,953 | 2,97,43,656 |
| September | 2023 | 93,88,438 | 3,52,10,685 | 74,84,566 | 2,88,31,382 |
| October | 2023 | 93,94,853 | 3,52,33,140 | 78,04,537 | 3,00,21,782 |
| November | 2023 | 94,00,959 | 3,52,52,755 | 77,33,072 | 2,97,44,060 |
| December | 2023 | 94,09,337 | 3,52,85,119 | 77,62,731 | 2,98,39,648 |
| January | 2024 | 94,17,496 | 3,53,14,157 | 78,93,677 | 3,03,47,073 |
| February | 2024 | 94,23,270 | 3,53,32,446 | 78,76,464 | 3,02,83,161 |
| March | 2024 | 94,30,983 | 3,53,55,910 | 77,50,684 | 2,97,55,539 |
| April | 2024 | 94,37,654 | 3,53,64,385 | 75,48,033 | 2,90,20,009 |
| May | 2024 | 95,02,175 | 3,45,28,569 | 76,81,035 | 2,95,18,710 |
| June | 2024 | 94,49,016 | 3,54,00,714 | 78,68,215 | 3,02,11,909 |

| | | | | | |
|---|---|---|---|---|---|
| July | 2024 | 94,53,578 | 3,54,24,218 | 77,99,477 | 2,99,76,755 |
| August | 2024 | 94,59,201 | 3,54,42,822 | 77,74,442 | 2,98,83,239 |
| September | 2024 | 94,66,307 | 3,54,60,986 | 79,97,699 | 3,06,59,227 |
| October | 2024 | 94,72,150 | 3,54,74,144 | 73,52,614 | 2,83,02,996 |
| November | 2024 | 94,74,636 | 3,54,44,459 | 77,99,031 | 2,99,38,671 |
| December | 2024 | 94,80,572 | 3,53,60,295 | 78,15,410 | 2,99,07,375 |
| January | 2025 | 94,82,438 | 3,50,61,725 | 78,10,114 | 2,95,93,070 |
| February | 2025 | 94,87,568 | 3,45,75,335 | 77,41,760 | 2,89,05,219 |
| March | 2025 | 94,92,435 | 3,42,37,990 | 76,47,994 | 2,81,64,472 |
| April | 2025 | 94,98,527 | 3,44,87,348 | 75,86,241 | 2,82,01,885 |
| May | 2025 | 95,02,175 | 3,45,28,569 | 77,22,581 | 2,87,31,858 |
| June | 2025 | 95,05,984 | 3,45,63,842 | 78,26,877 | 2,91,23,944 |
| July | 2025 | 95,09,106 | 3,45,26,416 | 80,31,000 | 2,97,64,672 |
| August | 2025 | 95,14,127 | 3,45,23,606 | 82,55,441 | 3,06,32,401 |
| September | 2025 | 95,15,930 | 3,45,91,918 | 72,17,224 | 2,69,28,905 |
| October | 2025 | 95,20,671 | 3,46,20,258 | 76,83,573 | 2,86,06,894 |
| November | 2025 | 95,27,635 | 3,46,49,677 | 77,00,036 | 2,86,59,215 |
| December | 2025 | 95,32,752 | 3,46,56,129 | 80,74,642 | 3,00,62,717 |
| January | 2026 | 95,37,823 | 3,46,80,607 | 75,60,605 | 2,81,84,152 |
| February | 2026 | 95,43,599 | 3,47,15,333 | 75,33,594 | 2,80,65,305 |
| March | 2026 | 95,50,872 | 3,48,48,442 | 80,20,514 | 2,99,64,055 |
| April | 2026 | 95,58,085 | 3,48,74,381 | 75,81,192 | 2,83,94,102 |
| May | 2026 | 95,58,085 | 3,48,74,381 | 50,33,676 | 1,87,74,395 |